പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2684

20.6.2013 ലെ മറുപടിക്ക്

## അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) കേന്ദ്രവിദ്യാഭ്യാസ നിയമ പ്രകാരം ലോവർ പ്രൈമറി സ്കൂൾ, അപ്പർ പ്രൈമറി സ്കൂൾ എന്നിവയിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയെന്നു വെളിപ്പെടുത്തുമോ;<br>(ബി) പുതിയ തസ്തിക അനുവദിക്കണമെങ്കിൽ വിദ്യാർത്ഥികളുടെ എണ്ണം എത്ര വേണമെന്ന് അറിയിക്കുമോ ; | (എ)യും(ബി)യും<br>വിദ്യാഭ്യാസഅവകാശനിയമപ്രകാരം സ്കൂളുകളിലെ മൊത്തം കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി എൽ.പി. സ്കൂളുകളിൽ 1:30 ഉം യു.പി സ്കൂളിൽ 1:35 ഉം അനുപാതമാണ് നിശ്ചയിച്ചിരിക്കുന്നത്. ക്ലാസ് ഡിവിഷനുകൾ അനുവദിക്കുന്നതിന് കെ.ഇ.ആർ ചട്ടങ്ങൾ തന്നെയാണ് ബാധകം. പുതിയ തസ്തിക സ്കൂളുകളിലെ മൊത്തം കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി നിശ്ചയിക്കപ്പെടും |
| (സി) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് ഭാഷാധ്യാപകരുടെ നിയമനത്തിന് കുട്ടികളുടെ എണ്ണം എത്രയെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ;<br>(ഡി) ഉണ്ടെങ്കിൽ കുട്ടികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) യും (ഡി) യും<br>കേന്ദ്ര വിദ്യാഭ്യാസഅവകാശ നിയമപ്രകാരം 100 കുട്ടികളിൽ കൂടുതലുള്ള യു.പി. വിഭാഗത്തിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ, ആർട്ട് & വർക്ക് എഡ്യൂക്കേഷൻ എന്നി വിഭാഗങ്ങളിൽ പാർട്ട്ടൈം ഇൻസ്ട്രക്ടേഴ്സിനെ നിയമിക്കാമെന്നും ഭാഷ പഠിപ്പിക്കാൻ കുറഞ്ഞത് ഒരു ടീച്ചർ വീതമെങ്കിലും ലഭിക്കത്തക്കവിധം വേണമെന്നും വ്യവസ്ഥയുണ്ട്. |

സെക്ഷൻഓഫീസർ